

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## നാഗരികതയിൽ നിന്നും രക്ഷയില്ല

**കേരളീയത്തിന്റെ** ഏകലോക പതിപ്പ് (2012 മെയ് ലക്കം) നന്നായിട്ടുണ്ട്. നല്ല ആശയങ്ങളും അറിവുകളും ഉപദേശങ്ങളുമുണ്ട്. പക്ഷെ എന്തുപ്രയോജനം? ആശയങ്ങളുടെയും അറിവുകളുടെയും ഉപദേശങ്ങളുടെയും പോരായ്മ കൊണ്ടല്ലല്ലോ മനുഷ്യൻ ഇന്നത്തെ അവസ്ഥയിൽ എത്തിയത്. പ്രബുദ്ധമാനവൻ എന്ന പേര് വഹിക്കുന്ന മനുഷ്യന്റെ ഭാവി അവനുമുൻപ് അവതരിച്ച ഹോമോ വംശങ്ങളുടേത് തന്നെയായിരിക്കും. അങ്ങനെയല്ലാതാകണമെങ്കിൽ ആധുനിക യാന്ത്രിക നാഗരികതയിൽ നിന്നും വേറിട്ട ഒരു വഴി സ്വീകരിക്കാൻ കഴിയണം. അത് കഴിയില്ലെന്നുറപ്പാണല്ലോ.

മനുഷ്യൻ രണ്ടുതരം പരിണാമങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ഒന്ന്, ജൈവപരിണാമം; രണ്ട് സാംസ്കാരിക പരിണാമം. സാംസ്കാരിക പരിണാമത്തിന്റെ പ്രധാന പടികളായിരുന്നു കൃഷി, ശാസ്ത്രം, വ്യവസായം, മതം, കല തുടങ്ങിയവ. അവയിലൂടെ പടിപടിയായാണ് മനുഷ്യൻ അവന്റെ സംസ്കാരവും പുരോഗതിയും വളർത്തിയെടുത്തത്. ഇവയെല്ലാം വളരെ സ്വാഭാവികമായാണ് അവന് കൈവന്നത്. അതായത്, മനുഷ്യൻ സഞ്ചരിച്ച അവന്റെ പുരോഗമനപാത അവൻ സ്വയം തന്റെ കരകൗശലവും ബുദ്ധിയും വിവേകവും കൊണ്ട് വെട്ടിയുണ്ടാക്കിയതാണ്. ഇവിടെ പ്രസക്തമായ ഒരു ചോദ്യം പൊന്തിവരാം. മറ്റൊരു പാത സാധ്യമായിരുന്നുവോ? ആയിരുന്നു എന്ന് തോന്നുന്നില്ല. അതിനർത്ഥം ഇന്ന് അവൻ എത്തിനിൽക്കുന്ന പദം അവന് വിധിക്കപ്പെട്ടതാണ്. അതിന് ആരേയും പഴിക്കാനില്ല. പഴിക്കാനുണ്ടെങ്കിൽ അവന്റെ ജീനുകളെ മാത്രം. ഇനിയിപ്പോൾ മറ്റൊരുപാത സ്വീകരിക്കാൻ കഴിയുമോ? അതിനുവേണ്ടിയുള്ള മുറവിളികൾ ഏറെക്കാലമായി കേട്ടുകൊണ്ടിരിക്കുന്നു. ബുദ്ധനും വ്യാസനും ക്രിസ്തുവും നബിയും ഗാന്ധിയുമൊക്കെ അത് ചെയ്തതാണ്. ഒന്നും ഗൗനിക്കപ്പെട്ടില്ല. അങ്ങനെയുള്ള ഒരു പുത്തൻ പാതയായിട്ടാണ് മാർക്സിസവും കമ്മ്യൂണിസവും അവതരിച്ചത്. പക്ഷെ പ്രകൃതിയെ ചൂഷണം ചെയ്ത് നശിപ്പിക്കുന്നതിൽ കമ്മ്യൂണിസം മുതലാളിത്തത്തേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല. അറുപതുകളിലും എഴുപതുകളിലും മോസ്കോവിൽ മുഴങ്ങിക്കേട്ടിരുന്ന ഒരു മുദ്രാവാക്യം ഈ തലമുറ അമേരിക്കയെ തന്നെ കടത്തിവെട്ടും എന്നതായിരുന്നു.

വളർച്ചയും ലാഭവുമാണ് മുതലാളിത്തത്തിന്റെ ബീജമന്ത്രം. ലാഭമാണല്ലോ നാം നമ്മെ നയിക്കുന്നതിനായി സ്വീകരിച്ച ബീജമന്ത്രം. ദൗർഭാഗ്യവശാൽ അത് നമ്മെ നയിക്കുന്നത് ആഴമറിയാത്ത അഗാധ ഗർത്തത്തിലേക്കാണ്. അതിൽ പതിച്ച് തലകർന്ന് നശിക്കാനായിരിക്കും പ്രബുദ്ധമാനവന്റെ വിധി. ആ വീഴ്ചയിൽ നിന്നും കുറച്ചുപേർ രക്ഷപെടുകയും അവർ അതിന്റെ കാരണം മനസ്സിലാക്കി മറ്റൊരു ജീവിതപാത തിരഞ്ഞെടുക്കുകയും ചെയ്താൽ മനുഷ്യന് ഒരു പക്ഷെ സുശോഭനമായ ഒരു ഭാവിയുണ്ടാകും.

**ഡോ. സി.എൻ. പരമേശ്വരൻ, തൃശൂർ**

## ഇക്കോളജി ഏത് പൂട്ടും തുറക്കും

**വ്യക്തമായ** ലക്ഷ്യബോധത്തോടെ സാമൂഹിക പ്രവർത്തനം തുടർന്നാൽ ഒരു പുത്തൻ സാമൂഹിക വ്യവസ്ഥിതി സൃഷ്ടിക്കാൻ കഴിയും. അടിസ്ഥാനപരമായ മാറ്റം മനുഷ്യനിലുണ്ടാകണമെങ്കിൽ, മനുഷ്യമനസ്സിൽ മാറ്റമുണ്ടാക്കിയാൽ മതിയാവും. മനസ്സിൽ മാറ്റം വരുത്തണമെങ്കിൽ മനസ്സ് എന്താണെന്നും അതിൽ മാറ്റമുണ്ടാക്കുന്നതിനായി എങ്ങനെ ഇടപെടണമെന്നുമുള്ള അറിവ് നാം നേടിയെടുക്കണം. മനസ്സ്, ബുദ്ധി, ആത്മാവ് ഇവയെന്താണ് അന്നും നമുക്ക് വ്യക്തമായി അറിയില്ല. അതുകൊണ്ടാണ് നാം ആശിക്കുന്ന തരത്തിലുള്ള ഒരു സമൂഹം ഉണ്ടായിവരാത്തത്.

ഭൗതികമനുഷ്യനെക്കുറിച്ച് നമുക്ക് കുറച്ചൊക്കെ അറിയാം. എന്നാൽ മാനസിക മനുഷ്യനെയും ആത്മീയ മനുഷ്യനെയും നമുക്ക് ഒട്ടുംതന്നെ അറിയില്ല. മനസ്സ്, ബുദ്ധി, ആത്മാവ് ഇവയൊക്കെ എന്താണെന്നും ഇവയുടെ പ്രവർത്തനം എങ്ങനെയാണെന്നും സാധാരണ മനുഷ്യന് മനസ്സിലാവുംവിധം, വ്യക്തമായി പറഞ്ഞുതരാൻ ഇന്നേവരെ ഒരു ആചാര്യനും കഴിഞ്ഞിട്ടില്ല. ഇതൊക്കെ വ്യക്തമായി നിർവ്വചിച്ച്, മനസിലാക്കി, ഇതിന്റെയൊക്കെ ഘടനയും, സ്ഥാനവും, പ്രവർത്തനരീതികളും വ്യക്തമായി അറിഞ്ഞുകൊണ്ട് ഇടപെട്ട് പ്രവർത്തിച്ചാൽ ലക്ഷ്യത്തിൽ എത്താൻ സാധിക്കും. പുത്തൻ ആശയങ്ങൾ ഉണ്ടാകുക എന്നതാണ് പ്രധാനം. ഈ ആശയങ്ങൾ ബുദ്ധിക്കും യുക്തിക്കും ചേരണം. പ്രായോഗികമായി ശരിയായി ഭവിക്കണം. ഒരിക്കൽ ശരിയായാൽ പോരാ, ആർക്കും എപ്പോഴും എവിടെയും ശരിയായി ഭവിക്കണം. അപ്പോഴെ ആശയം ശാസ്ത്രീയമാകൂ. മൂല്യാധിഷ്ഠിത, ഏകലോക ജീവിതം മനുഷ്യന് സാധ്യമാവില്ല എന്ന് വിധിയെഴുതാൻ നമ്മൾ ആളല്ല.

ഉപനിഷത്തുകൾക്കും കൃഷ്ണനും ബുദ്ധനും യേശുവിനും നബിക്കും നാളിതുവരെയുള്ള ആർക്കും കഴിയാത്തത് അനന്തര തലമുറയിലെ നമ്മുടെ മക്കൾക്ക് ആവില്ല എന്ന് എങ്ങനെയാണ് ഇന്ന് നമുക്ക് തീരുമാനിക്കാൻ കഴിയുക? പുത്തൻ ആശയങ്ങളുടെ പൊരികൾ കുരുന്നു മനസ്സുകളിലേക്ക് ഇട്ടുകൊടുത്താൽ നാളിതുവരെ അവതാരങ്ങളൊന്നും ചെയ്യാതിരുന്നത് അവർ ചെയ്തു എന്നുവരാം. ജോൺസി മാഷ് തെളിച്ച പാതയിലൂടെയാണ് ഒരേ ഭൂമി ഒരേ ജീവൻ എന്ന കൂട്ടായ്മ മുന്നോട്ട് പോകുന്നത്. 21-ാം നൂറ്റാണ്ടിന്റെ ശാസ്ത്രീയമായ ഇക്കോളജി ഏത് പൂട്ടും തുറക്കാൻ കഴിയുന്ന താക്കോൽ ആണെന്നാണ് ജോൺസി മാഷ് പറഞ്ഞത്. മനുഷ്യന്റെ ഏത് പ്രശ്നത്തിനുമുള്ള പരിഹാരം ഇക്കോളജി എന്ന ശാസ്ത്രത്തിലൂടെ സാധ്യമാണ് എന്നതാണ് എന്റെയും ചെറിയ അനുഭവം. ഡീപ്പ് ഇക്കോളജിയിലേക്ക് കടന്നാൽ മനുഷ്യന് തെറ്റുചെയ്യാൻ കഴിയില്ല. എന്തുകൊണ്ടാണ് തെറ്റുചെയ്യുന്നതെന്ന് ബോധ്യമാകും. അതോടെ പരിഹാരം കൈപ്പിടിയിലാകും. മുൻവിധികളില്ലാത്ത, സ്വതന്ത്രമായ, ഉള്ളുതുറന്ന ചർച്ചയുണ്ടായാൽ പ്രശ്നപരിഹാരങ്ങൾക്ക് എങ്ങും പോകേണ്ടി വരില്ല.

**കെ.വി. ദയാൽ, മുഹമ്മ, ആലപ്പുഴ**